(12) പാറോട്ടുകോണം

(13) നാലാഞ്ചിറ ജംഗ്ഷൻ

(14) ഉള്ളൂർ പി. റ്റി. ചാക്കോ നഗർ

(15) പുലയനാർകോട്ട

(16) മെഡിക്കൽ കോളേജ്

(17) തമലം

(18) നെട്ടയം

(19) ജഗതി

(20) ആക്കുളം ടൗൺഷിപ്പ് പദ്ധതി

(ബി) ആക്കുളം ടൗൺഷിപ്പ് പദ്ധതി, നാലാഞ്ചിറ ജംഗ്ഷൻ ഹൗസിംഗ് സ്കീം, പണ്ഡിറ്റ് കോളനി എക്സ്റ്റൻഷൻ പദ്ധതി എന്നീ പദ്ധതി പ്രദേശങ്ങളിൽ പണി ആരംഭിച്ചിട്ടില്ല. ജഗതി ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലം വിൽക്കുവാൻ തീരുമാനിച്ചു.

(സി) പാറ്റൂർ പദ്ധതിയിൽ 119 ഫ്ളാറ്റുകളും, തമലം (ത്രിവിക്രമംഗലം) പദ്ധതിയിൽ 5 വീടും അലോട്ട് ചെയ്യാത്തതായി ഉണ്ട്.

(ഡി, ഇ) ആക്കുളത്ത് 185 സെയിൽ പ്ലോട്ടുകളും നാലാഞ്ചിറയിൽ 33 സെയിൽ പ്ലോട്ടുകളും വിതരണത്തിനായി ഉടൻ തയ്യാറാകുന്നതാണ്.

(എഫ്) ഭവനനിർമ്മാണ രംഗത്തെ ചെലവ് കുറയ്ക്കാനാവുന്ന ഒരു സംരംഭം നാലാഞ്ചിറയിൽ ആരംഭിക്കുന്നതിന് 25 സെന്റ് സ്ഥലം ആവശ്യമുണ്ട്. സ്ഥല ലഭ്യതയേയും സാമ്പത്തിക ലഭ്യതയേയും അടിസ്ഥാനമാക്കി പ്രസ്തുത സംരംഭം പരിഗണിക്കാവുന്നതാണ്.

ക്ഷേമനിധി ബോർഡുകൾ വഴി മൈത്രി മോഡൽ ഭവന നിർമ്മാണ പദ്ധതി

7 [5683] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ വ്യവസായ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ സാധുക്കളായിട്ടുള്ളവർക്ക് അവർ അംഗങ്ങളായിട്ടുള്ള ക്ഷേമനിധി ബോർഡുകൾവഴി പാർപ്പിട സൗകര്യം നൽകുന്നതിലേക്ക് മൈത്രി മോഡൽ ഭവന നിർമ്മാണ പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly